# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM24/132/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 10/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM24/132/2023 തീയ്യതി: 10/03/2023

## മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-03-2022 മുതൽ 15-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 23-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-01-2023 | 23-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൾ ഗഫൂർ. സി, ഓഡിറ്റ് ഓഫീസർ

ശ്രീ.ഷാജഹാൻ ഖുറൈഷി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മൂസ.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.മൊയ്തീൻ ഫാസിൽ.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.സമീറ എളയേടത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു.ടി.പി | സെക്രട്ടറി | 01-04-2021 | 25-06-2021 |
| ശ്രീമതി.സവിത ചന്ദ്രൻ .ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-06-2021 | 04-07-2021 |
| | | 20-09-2021 | 10-10-2021 |
| ശ്രീ.ജി.വി.വിനോദ് കുമാർ | സെക്രട്ടറി | 05-07-2021 | 19-09-2021 |
| | | 11-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സവിത ചന്ദ്രൻ.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.ഷിദി.എൻ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രമീള | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 12-08-2021 |
| ശ്രീ.ശശിധരൻ ടി.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13-08-2021 | 31-03-2022 |
| ശ്രീമതി.മഞ്ജു.പി.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷൻഫിയത്ത്.സി.വി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.അനൂബ്.വി.എ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.നഹീൽ.സി.എം | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സൈഫുന്നിസ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.വിധു.വി.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 14-11-2021 |
| ശ്രീ.മൊഹ്സിൻ മൊയ്തീൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-11-2021 | 31-03-2022 |
| ശ്രീമതി.ലിസ.സി.എ | ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ്.പുറങ്ങ് | 01-04-2021 | 31-03-2022 |
| ശ്രീ.സുലൈമാൻ.എ.എ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത | 1-13 |
| 14 | രസീതി ഉപയോഗിക്കുന്നതിലെ അപാകത | 1-14 |
| 15 | വസ്തു നികുതി അസസ്സ്മെന്റിലെ അപാകതകൾ | 1-15 |
| 16 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭ്യമായില്ല | 1-16 |
| 17 | ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങൽ-അപാകതകൾ | 1-17 |
| 18 | തെരുവ് വിളക്ക് റിപ്പയർ, സ്ഥാപിക്കൽ പ്രവൃത്തികളിലെ അപാകതകൾ | 1-18 |
| 19 | തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തികളിലെ(S0141/2022) അപാകതകൾ | 1-18-1 |
| 20 | തെരുവ് വിളക്ക് സ്ഥാപിക്കൽ (S0130/2022)പ്രവൃത്തികളിലെ അപാകതകൾ | 1-18-2 |
| 21 | തെരുവ് വിളക്ക് റിപ്പയർ (S0122/2022) പ്രവൃത്തികളിലെ അപാകതകൾ | 1-18-3 |
| 22 | പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-19 |
| 23 | കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി | 1-20 |
| 24 | എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലെറ്റ് നിർമ്മാണം - അപാകതകൾ | 1-21 |
| 25 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല | 1-22 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ട് -കൃത്യമായ കണക്കുകൾ ഇല്ല | 1-23 |
| 27 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല | 1-24 |
| 28 | പേ റിവിഷൻ അരിയർ- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 1-25 |
| 29 | സർക്കാർ ഉത്തരവുകൾ പാലിക്കാതെ പ്രവൃത്തികൾ നടപ്പിലാക്കുന്നു | 1-26 |
| 30 | എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-27 |

| | | |
|---|---|---|
| 31 | കുടിവെള്ള ടാപ്പുകൾ-ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയില്ല | 1-28 |
| 32 | രേഖകൾ ഹാജരാക്കിയില്ല- 6,62,722 രൂപ തടസ്സം ചെയ്യുന്നു. | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യാവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസാക്കിയ തിക്കതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| തീരുമാനം 1 തിയ്യതി.17.02.2021 | തീരുമാനം 7(1) തിയ്യതി 16.03.2022 |

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2021-22 | 31-07-2022 | 09-05-2022 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 15,866,560 |
| വരവ് | 92,914,768 |
| ആകെ | 108,781,328 |
| ചെലവ് | 91,330,385 |
| നീക്കിയിരിപ്പ് | 1,74,50,943 |

### 1-4 ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16689153 | 16689153 | 16689153 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3734114 | 3734114 | 3734114 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10252000 | 10252000 | 9908000 | 344000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6639200 | 6639200 | 6397027 | 242173 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 6348672 | 6348672 | 4550592 | 1798080 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 4183093 | 4183093 | 4158127 | 24966 |
| ബി ഫണ്ട് | 0 | 86413300 | 86413300 | 86413300 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 175 | 126847948 | 143 | 70587992 | 0 | 32 | 81.71 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 17719 | 1001765 | 1019484 | 1019359 | 125 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17948031 | 17948031 | 17948031 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 61800 | 31 |
| കർഷകതൊഴിലാളി വേതനം | 6370800 | 366 |
| വിധവാപെൻഷൻ | 22120500 | 1432 |
| വാർദ്ധക്യകാലപെൻഷൻ | 48877400 | 3301 |
| വികലാംഗപെൻഷൻ | 7707200 | 501 |
| വിവാഹ ധനസഹായം | 330,000 | 11 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള ധനസഹായം | 945600 | 61 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2023 ന് 10.00A.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 7650 രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണെങ്കിലും രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ ഉൾപ്പെടെ ചില അപാകതകൾ ഓഡിറ്റ് നിരീക്ഷിച്ചു.

1.മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

2.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ച രസീത് ബുക്കുകളിലെ കളക്ഷൻ തുക ഫ്രണ്ട് ഓഫീസിൽ അടവാക്കുന്നതിന് മുമ്പായി രസീത് ബുക്കുകളും കളക്ഷൻ ബുക്കുകളും സൂക്ഷ്മപരിശോധന നടത്തുന്നില്ല.നിർവ്വഹണ ഉദ്യോഗസ്ഥർ രസീത് നൽകുമ്പോൾ ഡ്യൂപ്ലിക്കേറ്റിന് പകരം ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ട ഒറിജിനൽ ലീഫ് കക്ഷികൾക്ക് നൽകുന്നതായി കാണുന്നു.

3. നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാങ്ക് നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിച്ച് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടവ അടവാക്കുന്നതിനോ വാർഷികകണക്കിലെ നീക്കിയിരിപ്പിൽ ഉൾപ്പെടുത്തുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല.അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ 627086 രൂപ നീക്കിയിരിപ്പുണ്ടെങ്കിലും ഇത് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.ഗ്രാമപഞ്ചായത്ത് ഔദ്യോഗിക വാഹനത്തിന്റെ (KL54A3216) ലോഗ്ബുക്കിൽ ഓഡിറ്റ് വർഷത്തെ പല ദിവസങ്ങളിലും യാത്രചെയ്യുന്നവരുടെ വിവരമോ അതാത് ദിവസം നിയന്ത്രണാധികാരിയുടെ ഒപ്പോ രേഖപ്പെടുത്തുന്നില്ല.

അപാകതകൾ ഇല്ലാതിരിക്കാൻ കാര്യക്ഷമമായ മേൽനോട്ടം ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2022 | 01.08.2022-30.11.2022 | ലഭിച്ചിട്ടില്ല |
| എ.ജി. ഓഡിറ്റ് | 18.03.2011 | 2009-2010 | 7.05.2011 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.താഴെ കൊടുത്ത ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് അപ്ഡേറ്റ് ചെയ്ത് ഹാജരാക്കാത്തതിനാൽ ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തി നോക്കുവാനോ. വാർഷിക കണക്കുകളിലെ B4 സ്റ്റേറ്റ്മെന്റിന്റെ കൃത്യത പരിശോധിക്കാനോ സാധിച്ചിട്ടില്ല.

കനറാ ബാങ്ക് ഒ.എ.പി അക്കൗണ്ട്

കനറാ ബാങ്ക് മറ്റേർണിറ്റി ബെനഫിറ്റ് അക്കൗണ്ട്

എം.ഡി.സി പെൻഷൻ ഫണ്ട്

എം.ഡി.സി ടോട്ടൽ സാനിറ്റേഷൻ ഫണ്ട്

ഫെഡറൽബാങ്ക് സി.എഫ്.സി ഗ്രാന്റ്

വി.എഫ്.പി.എ- 1-2 അക്കൗണ്ട്

വി.എഫ്.പി.എ- 1-9അക്കൗണ്ട്

എം.എസ്.സി.ബി അക്കൗണ്ട്

സെന്‌ട്രലി സ്പോൺസേർഡ് സ്കീം- ടോട്ടൽ സാനിറ്റേഷൻ കാംപയ്ൻ

സെന്‌ട്രലി സ്പോൺസേർഡ് സ്കീം-ഐ.സി.ഡി.എസ്

സെന്‌ട്രലി സ്പോൺസേർഡ് സ്കീം-പി.വൈ.സി.കെ.എ

2.ഡിപ്രീസിയോഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ I-17(a) യുമായി പൊരുത്തപ്പെടുത്തി നോക്കാൻ സാധിച്ചിട്ടില്ല.

3. കാഞ്ഞിരമുക്ക് പി.എൻ.യു.പി സ്കൂൾ ടോയ്ലറ്റ് നിർമ്മാണം പദ്ധതിക്ക് പാർട്ട് ബില്ലായി തുക കൊടുക്കാൻ ബാക്കിയുണ്ടെങ്കിലും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഹെഡിൽ ഉൾപെടുത്തിയിട്ടില്ല.

4. സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല.

5.2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്)പ്രകാരമുള്ള അനുപാതങ്ങൾ,62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.General Ledger Trial Balance-ൽ വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകൾക്ക് ഒരേ ഇനത്തിൽ Credit, Debit സൈഡിൽ ക്ലോസിംഗ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നു.

7. 31/03/2022 ലെ ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. ഡി&ഒ ലൈസൻസ് രജിസ്റ്റർ,തൊഴിൽ നികുതി രജിസ്റ്റർ,പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ, ഡോഗ്&പിഗ് ലൈസൻസ് രജിസ്റ്റർ,റെന്റ് രജിസ്റ്റർ തുടങ്ങിയവയുടെ വാർഷിക സംഗ്രഹം തയ്യാറാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/23.01.23,7/20.01.23 ന് മറുപടി ലഭ്യമായിട്ടില്ല. അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | മതർ പ്ലാസ ഓഡിറ്റോറിയം, കാരക്കാട് |
| 2 | പാലസ് ഓഡിറ്റോറിയം,മാറഞ്ചേരി |
| 3 | ബ്ലോസംപാലസ് ഓഡിറ്റോറിയം,പുറങ്ങ് |

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ ടി സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാർക്കുള്ള തൊഴിൽ നികുതിയും അടവാക്കുന്നില്ല എന്ന് കണ്ടു. അപാകതകൾക്ക് വിശദീകരണം ചോദിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 3/19.1.23 ന് നൽകിയ മറുപടിയിൽ കോവിഡ് കാല നിയന്ത്രണങ്ങൾ കാരണം പ്രവർത്തിക്കാത്തതിനാലാണ് ലൈസൻസ് എടുക്കാതിരുന്നത് എന്നും 2022-23 ൽ ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. മേൽസ്ഥാപനങ്ങൾ ലൈസൻസോടു കൂടിയാണ് പ്രവർത്തിക്കുന്നത് എന്നും സ്ഥാപന നികുതിയും ജീവനക്കാരുടെ നികുതിയും അടവാക്കുന്നു എന്നും ഉറപ്പു വരുത്തേണ്ടതും നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത

### സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

പഞ്ചായത്തിന്റെ 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് മൈക്രോ ഫിൻ | I |
| 3 | മെഡികെയർ ഹോസ്പിറ്റൽ മാറഞ്ചേരി | I, II |
| 4 | കെ.എസ്.ഇ.ബി മാറഞ്ചേരി | I, II |

| | | |
|---|---|---|
| 5 | ബി.എസ്.എൻ.എൽ മാറഞ്ചേരി | I, II |

മേൽ സ്ഥാനങ്ങളിൽ നിന്നും കേരളപഞ്ചായത്തീരാജ് ആക്ട് ചട്ടം 8 പ്രകാരം ബിസിനസിന്റെ ടേണോവർ കണക്കാക്കി സ്ഥാപന തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

ജീവനക്കാരുടെ നികുതി അടച്ചതിൽ കുറവ്

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ തൊഴിൽ നികുതി കുറവായി അടവാക്കി എന്ന് കണ്ടു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | സ്ഥാപനം | ജീവനക്കരന്റെ പേര് | അർദ്ധവർഷവരുമാനം (റിട്ടേൺ പ്രകാരം) | അടവാക്കേണ്ട തുക | അടവാക്കിയ തുക | തുക അടവാക്കിയ അർദ്ധ വർഷം |
|---|---|---|---|---|---|---|
| 1 | കാത്തലിക് സിറിയൻ ബാങ്ക് | അജ്മൽ | 100000 | 1000 | 750 | II |
| 2 | " | " | 100000 | 1000 | 750 | III |

അപാകതക്ക് വിശദീകരണം ചോദിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 4/19.1.23 ന് മറുപടി ലഭ്യമായിട്ടില്ല.

## 1-14 രസീതി ഉപയോഗിക്കുന്നതിലെ അപാകത

മാറഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർക്കും ഹെഡ്മിസ്ട്രസ്സിനും നൽകിയ രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിൽ അപാകതയുണ്ട്. അസി.എഞ്ചിനീയർക്ക് അനുവദിച്ച 618/1 മുതൽ 618/66 വരെ നമ്പറിലുള്ള രസീതി ബുക്കുകളും ഹെഡ്മിസ്ട്രസ്സിന് അനുവദിച്ച 25492/1-51 രസീതികളും പരിശോധിച്ചപ്പോൾ രസീതിയുടെ ഒറിജിനൽ കോപ്പി ഗുണഭോക്താവിന് നൽകി ഡ്യൂപ്ലിക്കറ്റ് കോപ്പി നിർവ്വഹണ ഉദ്യോഗസ്ഥർ സൂക്ഷിച്ചതായി കണ്ടു. ടി രസീതികളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കാതെയാണ് രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്. മേൽ അപാകതക്ക് വിശദീകരണം ചോദിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 19/23.1.23 ന് മറുപടി ലഭ്യമായിട്ടില്ല. രസീത് ഉപയോഗത്തിൽ ജാഗ്രത പുലർത്തുകയും കാര്യക്ഷമമായ മേൽനോട്ടം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 1-15 വസ്തു നികുതി അസസ്മെന്റിലെ അപാകതകൾ

മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

A5/4496/2021 എന്ന ബി.എ നമ്പർ പ്രകാരം റഫീക്ക് & ഷബ്ന എന്നീ ഗുണഭോക്താക്കൾക്ക് 77.21 സ്ക്വ.മീ. ഉള്ള ബിൽഡിംഗിന് നമ്പർ അനുവദിച്ചിട്ടുണ്ട്. കംപ്ളീഷൻ പ്രകാരം ആയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | നിലവിലെ ബിൽഡിംഗിന്റെ വിസ്തീർണ്ണം(സ്ക്വ.മീറ്ററിൽ) | എക്സ്റ്റൻഷൻ ചെയ്ത ബിൽഡിംഗിന്റെ വിസ്തീർണ്ണം(സ്ക്വ.മീറ്ററിൽ) | ടോയ്ലറ്റിന്റെ വിസ്തീർണ്ണം(സ്ക്വ.മീറ്ററിൽ) | ആകെ വിസ്തീർണ്ണം(സ്ക്വ.മീറ്ററിൽ) |
|---|---|---|---|---|
| 1 | 33.41 | 56.11 | 3.69 | 93.21 |

10/18 എന്ന നമ്പർ അനുവദിച്ചിട്ടുള്ള നിലവിലെ ബിൽഡിംഗിന്റെ വിസ്തീർണ്ണം 33.41 സ്ക്വ.മീറ്റർ ആണെങ്കിലും 16 സ്ക്വ.മീറ്ററിന് മാത്രമാണ് നാളിത് വരെ നികുതി അടവാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 17.41 കൂട്ടിയാണ് ഇപ്പോൾ 77.21 സ്ക്വ.മീറ്ററിന് നികുതി ഈടാക്കിയിട്ടുള്ളത്. എന്നാൽ 17.41സ്ക്വ.മീറ്ററിന് നാളിത് വരെയുള്ള അരിയർ തുക ഈടാക്കിയിട്ടില്ല.

കൂടാതെ 10/18 എന്ന നമ്പർ ഉള്ള ബിൽഡിംഗ് പ്രാഥമിക മേഖലയിലാണ് ഉൾപെട്ടിട്ടുള്ളതെങ്കിലും സഞ്ചയ പരിശോധിച്ചപ്പോൾ ദ്വിതീയ മേഖല പ്രകാരമുള്ള ഇളവ് അനുവദിച്ചിട്ടുണ്ട്.

ഒന്നാമത്തെ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറി 2/19.1.23 ന് നൽകിയ മറുപടി പരാമർശത്തെ സാധൂകരിക്കുന്നതല്ല. രണ്ടാമത്തെ അപാകതക്ക് നൽകിയ മറുപടിയിൽ അരിയർ തുക 3914 രൂപക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) നിർവ്വഹണോദ്യാഗസ്ഥനായി 2021-22-ൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം 95/22) 200000 രൂപ ബിൽ നം.21150452035201485176/26.3.22 പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപാതിക് കോർപറേഷൻ ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെയായും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്(1/19.1.23) മരുന്ന് ലഭ്യമാക്കി വിവരം

അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി)

## 1-17 ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ഫർണ്ണീച്ചറും ഉപകരണങ്ങളും വാങ്ങൽ- അപാകതകൾ

മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) നിർവ്വഹണം നടത്തിയ ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് ഫർണ്ണീച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രൊജക്ട് നം:11/22)പദ്ധതി പ്രകാരം വിവിധ ഇനം ഫർണ്ണീച്ചർ,പ്ളാസ്റ്ററിക് ബോട്ടിൽ, ഹോസ്പിറ്റൽ ഉപകരണങ്ങൾ എന്നിവ വാങ്ങിയതിന്റെ തുകയായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും താഴെപറയും പ്രകാരം 373180 രൂപ SIDCO, മഞ്ചേരിക്ക് നൽകിയിട്ടുണ്ട്

Invoice No. MJRI/21-22/127/10.11.2021 – തുക 342188 (വൗച്ചർ നം.22101150/5.10.2021)
Invoice No. MJRI/21-22/428/26.2.2022 – തുക 30992 ( വൗച്ചർ നം.22101588/24.3.2022)
സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാവുന്ന ഇനങ്ങളുടെ വിവരം ജി.ഒ.(സാധാ) നം.26/2015 /SPD/28-05-2015 -ാം നമ്പർ ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങിക്കുന്നതിന് സ്റ്റോർ പർച്ചേസ് റൂൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജി.ഒ.(സാധാ) നം.33/2021/SPD/22-11-2021 -ാം നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. ജി.ഒ.(സാധാ) നം.26/2015/SPD/28-05-2015 ഉത്തരവിലെ ലിസ്റ്റിൽപെടാത്ത താഴെ പറയുന്ന ഇനങ്ങൾ മേൽ ഇൻവോയ്സുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇനം | നിരക്ക് | എണ്ണം | ആകെ (ജി.എസ്.ടിഒഴികെ) | Invoice No |
|---|---|---|---|---|---|
| 1 | Armless Plastic Chair | 490 | 30 | 14700 | Invoice No. MJRI/21-22 /127/10.11.2021 |
| 2 | Plastic Chair With Arm | 595 | 10 | 5950 | |
| 3 | Steel Almirah(180x90cm-22g) | 9266 | 2 | 18532 | |
| 4 | Steel Almirah(150x80cm-22g) | 7000 | 2 | 14000 | |
| 5 | Pedestral Fan | 4500 | 1 | 4500 | |
| 6 | Plastic Bottle 10 L | 500 | 20 | 10000 | |
| 7 | Plastic Bottle 2 L | 250 | 25 | 6250 | |
| 8 | B P Apparatus | 2767 | 2 | 5534 | |
| 9 | Stethescope | 625 | 1 | 625 | |
| 10 | X Ray View | 3348 | 1 | 3348 | |
| 11 | Table With Shelf (60x35cm Plastic) | 1950 | 1 | 1950 | |
| 12 | Examination Table Ms With Top SS (182x53x81) | 7900 | 1 | 7900 | |
| 13 | Prelaminated Board Table | 6296.61 | 1 | 6296.61 | Invoice No. MJRI/21-22 /428/26.2.2022 |
| 14 | Armless Fibre Chair | 490 | 8 | 3920 | |

മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ സാധനങ്ങൾ വാങ്ങിയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 13/21.1.2023 നൽകിയതിന് രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒരേ സ്ഥാപനത്തിൽ നിന്ന് ലഭ്യമാകാത്തതിനാലും ഇനിയും ടെണ്ടർ ചെയ്താൽ കാലതാമസം വരുമെന്നും പദ്ധതി നിർവ്വഹണത്തെ ബാധിക്കും എന്നതിനാലുമാണ് SIDCO യിൽ നിന്ന് വാങ്ങിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും വാങ്ങൽ നടപടി ക്രമങ്ങളിൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതുമാണ്.

## 1-18 തെരുവ് വിളക്ക് റിപ്പയർ, സ്ഥാപിക്കൽ പ്രവൃത്തികളിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് റിപ്പയർ, സ്ഥാപിക്കൽ പ്രവൃത്തികളിലെ ഓഡിറ്റ് നിരീക്ഷിച്ച അപാകതകൾ 1-30-1,1-30-2,1-30-3 എന്നീ ഉപ ഖണ്ഡികകളിലായി പരാമർശിക്കുന്നു.

## 1-18-1 തെരുവ് വിളക്ക് റിപ്പയർ പ്രവൃത്തികളിലെ(S0141/2022) അപാകതകൾ

പ്രൊജക്ട് : സ്ട്രീറ്റ് ലൈറ്റ് റിപ്പയർ
നം : S0141/2022

അടങ്കൽ - 1,18,750 (F.C.award )

BRN : 21150452001000600843/02-11-2021 : 1,18,750

BRN : 20150452001001249340/15-03-2021 : 3,71,250 (2020-21)

സ്പിൽ ഓവർ പദ്ധതിയായി സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം രണ്ട് വർഷങ്ങളിലായി 4,90,000 രൂപ കരാറുകാരനായ ശ്രീ.കെ.ഗണേശൻ, പവർകിംഗ് സൊല്യൂഷൻസ്-ന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2020-21 വർഷത്തിൽ ലഭ്യമായ രണ്ട് ടെണ്ടറുകളും നിലവിലുള്ള മാർക്കറ്റ് നിരക്കിനേക്കാൾ അധികമായതിനാൽ ഗ്രാമപഞ്ചായത്തിൻറെ 11-08-2020ലെ 2(1) -ാം നമ്പർ തീരുമാന പ്രകാരം നിരസിക്കുകയും റീ ടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. ജി.ഒ.(പി)നം.259/2010/തസ്വഭവ/08-11-2010 ഖണ്ഡിക 3(2) പ്രകാരം 1,00,000 രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ളവ വ്യാപക പ്രചാരമുള്ള ഓരോ ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ പരസ്യം ചെയ്യേണ്ടതാണ്. എന്നാൽ ഒരു മലയാളം ദിനപ്പത്രത്തിൽ മാത്രമാണ് പരസ്യം ചെയ്തിട്ടുള്ളത്. ആരും ടെണ്ടറിൽ പങ്കെടുത്തിട്ടുമില്ല. അതിന് ശേഷം, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 4,90,000രൂപ അടങ്കലുള്ള പ്രവൃത്തി ക്വട്ടേഷൻ ചെയ്യുന്നതിന് 15-09-2020ലെ 1(18)-ാം നമ്പർ പ്രകാരം ഭരണ സമിതി തീരുമാനിച്ചു. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല.

2. തെരുവ് വിളക്ക് ഒരു യൂനിറ്റിന്റെ സാധന സാമഗ്രികൾ മാറ്റുന്നതുൾപ്പടെയുള്ള റിപ്പയർ ചാർജ്ജാണ് രേഖപ്പെടുത്തേണ്ടതെന്ന് ക്വട്ടേഷൻ നോട്ടീസിൽ വ്യക്തമാക്കിയിരുന്നെങ്കിലും, ആകെ അടങ്കൽ തുകക്ക് പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാണ് എന്നാണ് കരാറുകാരൻ രേഖപ്പെടുത്തിയത്. വ്യവസ്ഥ പ്രകാരമല്ലാത്ത ക്വട്ടേഷൻ അംഗീകരിച്ച് എ2-122/20/29-10-2020-ാം നമ്പർ പ്രകാരം വർക്ക് ഓർഡർ നൽകുകയും ചെയ്തു.

3. കത്താത്ത വിളക്കുകൾ മാറ്റി എത്ര വാട്ടിന്റെ, എത്രയെണ്ണമാണ് സ്ഥാപിക്കേണ്ടത് എന്ന് ക്വട്ടേഷൻ നോട്ടീസിൽ വ്യക്തമാക്കിയിട്ടില്ല. എന്നാൽ കരാറുകാരൻ 9W ന്റെ 600 വിളക്കുകളും 14W ന്റെ 200 വിളക്കുകളും സ്ഥാപിച്ചതായി അറിയിക്കുകയും ആയത് അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര വിളക്കുകൾ, എത്ര വാട്ട്, എവിടെ സ്ഥാപിച്ചു എന്നീ വിവരങ്ങളില്ല.കരാറുകാരൻ ലഭ്യമാക്കിയ ലിസ്റ്റ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

4. ഗ്രാമപഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം എന്നിവ കാണിക്കുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. കരാറുകാരൻ ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം ലേബർ & ട്രാൻസ്പോർട്ട് ഇനത്തിൽ 2,99,400രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ KCWWF ഇനത്തിൽ ഈടാക്കേണ്ട 1% തുക ഈടാക്കിയിട്ടില്ല.

6. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുണ്ട്. ആയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലനപ്രവൃത്തികൾ നടത്തണമെന്ന് 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ KSEBയിൽ നിന്നും ഇത് പ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

8. കോൺട്രാക്ടർക്ക് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം , ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൽ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദികരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 17/23.1.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18-2 തെരുവ് വിളക്ക് സ്ഥാപിക്കൽ (S0130/2022)പ്രവൃത്തികളിലെ അപാകതകൾ

പ്രൊജക്ട് : സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

നം : S0130/2022

അടങ്കൽ - 4,95,000 (F.C.award )

വൗച്ചർ നം. 22101591/29-03-2022: 495,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 4,95,000 രൂപ കരാറുകാരനായ ശ്രീ.കെ. ഗണേശൻ, പവർ കിംഗ് സൊല്യൂഷൻസ്-ന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. സ്ഥാപിക്കുന്ന വിളക്കുകളുടെ യാതൊരു സ്പെസിഫിക്കേഷനും ടെണ്ടർ നോട്ടീസിലില്ല. വിവിധ സ്ഥാപനങ്ങൾ മെറ്റൽ ഫ്രെയിമോടു കൂടിയ വില കൂടിയ LED വിളക്കുകളുടെ നിരക്ക് ക്വോട്ട് ചെയ്തപ്പോൾ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരനായ ശ്രീ.കെ. ഗണേശൻ LED ബൾബുകളുടെ വിലയാണ് ക്വോട്ട് ചെയ്തത്. അത്തരം ബൾബുകൾക്ക് മറ്റു സ്ഥാപനങ്ങൾ കുറഞ്ഞ നിരക്ക് രേഖപ്പെടുത്താനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

2. കരാറുകാരന് തുക നൽകിയപ്പോൾ KCWWF ഇനത്തിൽ 1% തുക ഈടാക്കിയിട്ടില്ല.

3. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുണ്ട്. ആയതിൻെറ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. കരാറുകാരൻ ഇലക്ട്രിസിറ്റി ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവ് വിളക്ക് പരിപാലന ജോലികൾ നിർവ്വഹിച്ചത് എന്നതിന് KSEBയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

5.സ്ഥാപിച്ച തെരുവ് വിളക്കുകളുടെ വാറന്റി സംബന്ധിച്ച വിശദാംശങ്ങൾ ടെണ്ടറിലോ കരാറിലോ ഉൾപ്പെടുത്തിയിട്ടില്ല. വാറന്റി കാലയളവിൽ കരാറുകാരൻ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണി സൗജന്യമായി നിർവഹിക്കേണ്ടതുണ്ട്.

6. ഗ്രാമപഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 17/23.1.23 നമ്പർ അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18-3 തെരുവ് വിളക്ക് റിപ്പയർ (S0122/2022) പ്രവൃത്തികളിലെ അപാകതകൾ

പ്രൊജക്ട് : സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

നം : S0122/2022

അടങ്കൽ - 4,56,000 (F.C.award )

വൗച്ചർ നം. 22101155/15-01-2022 : 3,19,220

വൗച്ചർ നം. 22101597/30-03-2022 : 1,36,780

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 4,56,000 രൂപ കരാറുകാരനായ ശ്രീ.കെ. ഗണേശൻ, പവർ കിംഗ് സൊലൂഷൻസ്-ന് നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. റിപ്പയറിംഗ് രണ്ടാം ഘട്ടം എന്ന് രേഖപ്പെടുത്തി 1,36,780 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ 9W ൻെറ 310 വിളക്കുകളും (310X380 =1,17,800), 24W ൻെറ 18 വിളക്കുകളും (18X400= 7200) മാത്രമാണ് റിപ്പയർ ചെയ്തതെന്ന് ഓഡിറ്റിന് ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. ആയതിന് 1,25,000രൂപ (1,17,800+ 7200) നൽകാവുന്നത്. എന്നാൽ 11,780 രൂപ അധികം നൽകിയിട്ടുണ്ട്.

2. കത്താത്ത വിളക്കുകൾ മാറ്റി എത്ര വാട്ടിന്റെ, എത്ര എണ്ണം വിളക്കാണ് സ്ഥാപിക്കേണ്ടത് എന്ന് ടെണ്ടർ നോട്ടീസിൽ വ്യക്തമാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം എന്നിവ കാണിക്കുന്ന റജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. കരാറുകാരന് തുക നൽകിയപ്പോൾ KCWWF ഇനത്തിൽ ഈടാക്കേണ്ട 1% തുക ഈടാക്കിയിട്ടില്ല.

5. G.O (P) No.3/2013/SPD, Dated 21.06.2013 നമ്പർ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 8-17, ഖ.8-19 എന്നിവ പ്രകാരം 1,00,000രൂപയിൽ കൂടുതൽ ഉള്ള കരാർ തുകകൾക്ക് 5% പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കേണ്ടതുണ്ട്. ആയതിൻെറ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6. കരാറുകാരൻ ഇലക്ട്രിസിറ്റി ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവ് വിളക്ക് പരിപാലന ജോലികൾ നിർവ്വഹിച്ചത് എന്നതിന് KSEBയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

7. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം , ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

5.ആന്വൽ മെയ്ൻറനൻസ് കോൺട്രാക്ട് വഴി തെരുവ് വിളക്കുകളുടെ റിപ്പയർ നടത്തുന്നതിനാണ് സർക്കുലർ നം.3055/ഡി.എ3 /2011/തസ്വഭവ/15-09-2011 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം ലഭിച്ചത്. ഒരു വർഷത്തെ വാറന്റി കാലയളവിൽ കരാറുകാരൻ തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണി സൗജന്യമായി നിർവഹിക്കേണ്ടതുണ്ട്. എന്നാൽ, പ്രൊജക്ട് നം. S0141/2022 (സ്പിൽ ഓവർ) പ്രകാരം റിപ്പയർ ചെയ്ത അതേ പോസ്റ്റിലെ വിളക്കുകൾ ഒരു വർഷ കാലാവധിക്ക് മുമ്പ് തന്നെ പ്രൊജക്ട് നം. S0122/2022 പ്രകാരം റിപ്പയർ ചെയ്തതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പോസ്റ്റ് നം. | പ്രൊജക്ട് നം. S0141/2022 (സ്പിൽ ഓവർ) | പ്രൊജക്ട് നം. S0122/2022 | |
|---|---|---|---|---|
| | Main Road | | തുക | |
| 1 | PT 30 | 8-2-21 | 26-9-21 | 380 |

| | | | | |
|---|---|---|---|---|
| 2 | PT 31 | 8-2-21 | 26-9-21 | 380 |
| 3 | PT 42 | 6-2-21 | 30-9-21 | 380 |
| 4 | PT 9 | 8-2-21 | 5-10-21 | 380 |
| 5 | PT 12 | 8-2-21 | 5-10-21 | 380 |
| 6 | PT 18 | 8-2-21 | 3-09-21 | 380 |
| 7 | PT 20 | 8-2-21 | 30-09-21 | 380 |
| 8 | PT 22 | 8-2-21 | 30-9-21 | 380 |
| 9 | PT 75 | 6-2-21 | 16-10-21 | 380 |
| 10 | PT 76 | 5-2-21 | 16-10-21 | 380 |
| 11 | PT 78 | 5-2-21 | 16-10-21 | 380 |
| 12 | PT 79 | 5-2-21 | 16-10-21 | 380 |
| 13 | PT 81 | 5-2-21 | 16-10-21 | 380 |
| 14 | PT 96 | 5-2-21 | 25-10-21 | 380 |
| 15 | PT 97 | 5-2-21 | 25-10-21 | 380 |
| 16 | PT 99 | 5-2-21 | 25-10-21 | 380 |
| 17 | PT 94 | 5-2-21 | 25-10-21 | 380 |
| 18 | PT 107 (24W) | 5-2-21 | 16-10-21 | 400 |
| 19 | PT 104 | 5-2-21 | 16-10-21 | 380 |
| 20 | PT 92 (24W) | 5-2-21 | 16-10-21 | 400 |
| 21 | PT 113 | 5-2-21 | 16-10-21 | 380 |
| 22 | PK 49 | 11-2-21 | 26-09-21 | 380 |
| 23 | PK 50 | 11-2-21 | 26-09-21 | 380 |
| 24 | PK 46 | 11-2-21 | 26-9-21 | 380 |
| 25 | PK 47 | 11-2-21 | 26-09-21 | 380 |
| 26 | PK 82 | 13-2-21 | 26-09-21 | 380 |
| 27 | PK 85 | 13-2-21 | 26-09-21 | 380 |
| 28 | PK 14 | 10-2-21 | 5-10-21 | 380 |
| 29 | PK 15 | 10-2-21 | 5-10-21 | 380 |
| 30 | PK 70 | 13-2-21 | 21-11-21 | 380 |
| 31 | PK 4 | 10-02-21 | 26-11-21 | 380 |
| 32 | PK 18 | 11-2-21 | 29-11-21 | 380 |
| 33 | PK 32 | 11-2-21 | 26-11-21 | 380 |
| 34 | PK 34 | 11-2-21 | 26-11-21 | 380 |
| 35 | PK 25 (24W) | 26-11-21 | 11-2-21 | 400 |
| 36 | PK 9 (24W) | 10-02-21 | 29-11-21 | 400 |
| | | | ആകെ തുക | 13760 |

17/23-01-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 27.1.23 ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കി.

1.സ്ട്രീറ്റ് ലൈറ്റ് പ്രശ്നം രൂക്ഷമായതിനാലും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലുമാണ് അടിയന്തിരമായി നടപടികൾ സ്വീകരിച്ചത്.യാതൊരു സാമ്പത്തികനഷ്ടവും ഇതു മൂലം ഗ്രാമപഞ്ചായത്തിന് സംഭവിച്ചിട്ടില്ല.

2. സംയുക്ത പരിശോധന നടത്തുന്നതിന് പല തവണ കെ.എസ്.ഇ.ബിക്ക് കത്തു നൽകുകയും നേരിൽ ബന്ധപ്പെടുകയും ചെയ്തു.കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി നൽകാതിരുന്നതിനാൽ സാധ്യമായില്ല.

3. കെ.എസ്.ഇ.ബി ക്ക് സൂപ്പർവിഷൻ ചാർജ് അടവാക്കുകയും കത്ത് നൽകുകയും ചെയ്തശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്.

4. അൺസർവ്വീസബ്ൾ ഐറ്റംസ് തിരിച്ചു വാങ്ങി രേഖപ്പെടുത്തലുകൾ വരുത്തുന്നതാണ്.

5. പ്രൊജക്ട് 141/22 പ്രകാരമുള്ള കരാർ കാലാവധി അവസാനിച്ച ശേഷമാണ് പ്രൊജ. 122/22 പ്രകാരമുള്ള റിപ്പയറിംഗ് ജോലികൾ ആരംഭിച്ചത്. കാലാവസ്ഥ വ്യതിയാനം തെരുവ് വിളക്കുകളെ ബാധിച്ചതിനാൽ പലതവണ റിപ്പയറിംഗ് പ്രവൃത്തികൾ നടത്തേണ്ടി വന്നു. വാറണ്ടി കാലാവധി രേഖപ്പെടുത്തുന്നത് സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാലും ജനപ്രതിനിധികളെ വിശ്വാസത്തിലെടുത്തുമാണ് ബിൽ തുക നൽകിയത്.

സെക്രട്ടറി ലഭ്യമാക്കിയ മറുപടിയെ സാധൂകരിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. നടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ചകൾക്ക് മേൽ മറുപടി പര്യാപ്തവുമല്ല.അധികം നൽകിയ തുക ഈടാക്കേണ്ടതും അപാകതകൾക്ക് വിശദവും വസ്തുനിഷ്ഠവുമായ മറുപടി ലഭ്യമാക്കേണ്ടതും പരിഹാരനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-19 പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

മാറഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനായി 949932 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് ന് നൽകിയിട്ടുണ്ട്. എന്നാൽ 679688രൂപയുടെ മരുന്ന് മാത്രമാണ് നാളിത് വരെയായിട്ട് ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ലഭ്യമായ മരുന്നുകൾ | | ബാക്കി |
|---|---|---|---|
| | ഇൻവോയ്സ് | തുക | |
| PHC ക്ക് മരുന്ന് വാങ്ങൽ (15/22<br>1.പ്രഫോർമ ഇൻവോയ്സ് 4081/14.12.21<br>21150452035700890120/5.1.22<br>തുക 59990 | 4399/16.6.22<br>8885 /22.8.22<br>11343/17.9.22<br>12036/24.9.22 | 11625<br>984<br>34501<br>1810<br>48920 | 11070 |
| | ഇൻവെയ്സ് | തുക | |
| ”<br>2.പ്രഫോർമ ഇൻവോയ്സ് 3602/26.11.21<br>21150452035700890134/5.1.22<br>തുക 240000 | 15234/28.3.22<br>306/16.4.2022<br>645/20.4.22<br>632/20.4.22<br>8872/22.8.22<br>11785/21.9.22<br>15097/28.10.22<br>15982/4.11.22<br>18513/24.11.22<br>21890/2.1.23 | 52631<br>13676<br>88055<br>25160<br>3950<br>6485<br>3183<br>3769<br>11672<br>5188<br>213769 | 26231 |
| | ഇൻവെയ്സ് | തുക | |
| കിഡ്നി രോഗികൾക്ക് മരുന്ന് (21/22)<br>പ്രഫോർമ ഇൻവോയ്സ് 3602/26.11.21<br>21150452035700534132/20.10.21 തുക 199987 | 14384/4.3.22<br>3879/7.6.22<br>4128/9.6.22 | 61798<br>6871<br>94071<br>162740 | 37247 |
| | ഇൻവോയ്സ് | തുക | |
| പരിരക്ഷ<br>1.പ്രഫോർമ ഇൻവോയ്സ് 2408/1.10.21<br>21150452035700892918/5.1.22<br>തുക 240826 | 14014/26.2.22<br>4397/16.6.22<br>8879/22.8.22<br>11795/21.9.22<br>13572/11.10.22<br>17112/14.11.22<br>19595/9.12.22<br>20268/16.12.22<br>20930/22.12.22 | 25525<br>55189<br>17742<br>12601<br>1425<br>5836<br>5942<br>7263<br>2358<br>133881 | 106945 |

| | | | |
|---|---|---|---|
| | ഇൻവോയ്സ് | തുക | |
| ,,<br>2.പ്രഫോർമ ഇൻവോയ്സ് 3761/2.12.21<br>21150452035700892923/5.1.22 തുക 59129 | 4405/16.6.22<br>5357/9.8.22<br>8901/22.8.22<br>12548/29.9.22<br>15977/4.11.22<br>17978/21.11.22<br>18210/22.11.22<br>20279/16.12.22 | 3259<br>3471<br>1387<br>1621<br>589<br>14719<br>7359<br>2971<br>35376 | 23753 |
| | ഇൻവോയ്സ് | തുക | |
| ,,<br>3.പ്രഫോർമ ഇൻവോയ്സ് 5060/25.1.22<br>ചെക്ക് 5928291/24.2.2 തുക 150000 | 5008/25.6.22<br>5010/25.6.22<br>7893/5.8.22<br>8915/22.8.22<br>11625/20.9.22<br>12151/26.9.22<br>14314/19.10.22<br>16052/5.11.22<br>19368/6.12.22 | 31969<br>22287<br>6927<br>10174<br>3148<br>990<br>1827<br>1521<br>6159<br>85002 | 64998 |
| ആകെ – 949932 | | 679688 | 270244 |

ഓഡിറ്റ് എൻക്വയറി - 5/21-22/20.1.2023 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന 270244രൂപക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമായാൽ സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതു കിണർ പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഭാഗമായി വിവിധ കിണറുകളുടെ മുകളിൽ ഗ്രിൽ സ്ഥാപിച്ചതിന് DSR കോഡ് 9.48.2 പ്രകാരമുള്ള 217.35/Kg നിരക്ക് ആണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ കെട്ടിടങ്ങളിൽ ജനലിന് (Opening/Wooden Frames) റോൾ പ്ലഗ് ഉപയോഗിച്ച് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR കോഡ് 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | പൊതു കിണർ പുനരുദ്ധാരണം (108/22)<br>വൗച്ചർ XVFC/2021-22P/30 Dt. 21.3.2022<br>തുക 211596<br>കരാർ 35/18.12.2021<br>സാങ്കേതികാനുമതി 58147/15.11.21<br>അളവ് പുസ്തകം 128/21-22<br>കോൺട്രാക്ടർ | 688/Kg | 149537<br>@217.35/Kg | 106729<br>@155.13/Kg | 47945<br>(42808+5137) |

| | | | | | |
|---|---|---|---|---|---|
| | ശ്രീ.അബ്ദുൽ ഹക്കീം<br>കോസ്റ്റ് ഇൻഡക്സ് 36.44% | | | | |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി - 6/21-22/20.1.2023 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. 10.25.2 ഡാറ്റ പ്രകാരം ഗ്രേറ്റിങ്, ലാഡർ എന്നിവക്കുള്ള പ്രൊവിഷൻ ആണ് നൽകിയിട്ടുള്ളത്.

2.പ്രസ്തുത ഡാറ്റയിൽ MS Flat, 12mm കമ്പി എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികളാണ് ഉൾപെടുത്തിയിട്ടുള്ളത്.

3. ഇവിടെ ആങ്കിൾ ഉപയോഗിച്ച് ഫ്രയിം ഉണ്ടാക്കി അവക്കുള്ളിൽ 5cm അകലത്തിൽ കമ്പികൾ വെൽഡ് ചെയ്താണ് ഗ്രിൽ ഉണ്ടാക്കിയിട്ടുള്ളത്. ഒരു ജനൽ ഫ്രയിമിന് ആവശ്യമുള്ള ഗ്രിൽ ഉണ്ടാക്കുന്നതിനേക്കാൾ ലേബറും മെറ്റീരിയലും ഇതിന് കൂടുതൽ ആവശ്യമായതിനാലാണ് 9.48.2 പ്രകാരമുള്ള നിരക്ക് നൽകിയത്.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ചുവടെ കാണിച്ച കാരണങ്ങളാൽ സ്വീകാര്യമല്ല.

1. 10.25.2 പ്രകാരമുള്ള ഡാറ്റ ഗ്രേറ്റിങ്, ലാഡർ എന്നിവക്ക് പുറമെ റെയിലിങ്സ്, ഗെയ്റ്റ്സ് സമാന പ്രവൃത്തികൾ എന്നിവക്കുള്ളത് കൂടിയാണ്. ഇത് പ്രസ്തുത ഡാറ്റയുടെ ആമുഖത്തിൽ പരാമർശിച്ചിട്ടുമുണ്ട്. ഗെയ്റ്റിന് സമാനമായ പ്രവൃത്തിയാണ് കിണറിന് മുകളിൽ സ്ഥാപിക്കുന്ന ഗ്രിൽ നിർമ്മാണം എന്ന് വ്യക്തമാണ്.

2. DSR അധ്യായം 9 (Sub Head 9) ന്റെ പേര് Wood & PVC Work എന്നാണ്. DSR അധ്യായം 10 ആണ് (Sub Head 10) സ്റ്റീൽ വർക്കിനെ സംബന്ധിച്ചുള്ളത്.

3. 9.48.2 പ്രകാരമുള്ള ഡാറ്റ കെട്ടിടങ്ങളിൽ ജനലിന് (Opening/Wooden Frames) റോൾ പ്ലഗ് ഉപയോഗിച്ച് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ് എന്ന് വ്യക്തമായി തന്നെ പരാമർശിച്ചിട്ടുണ്ട്. 9.48.2 പ്രകാരമുള്ള ഡാറ്റയിലും MS Flat, 12mm കമ്പി എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികളെ കുറിച്ച് തന്നെയാണ് പരാമർശിച്ചിട്ടുള്ളത്. ആംഗിൾസ് ഉപയോഗിച്ചുള്ള പ്രവൃത്തികളെ കുറിച്ച് പറയുന്നത് 10.25.1 പ്രകാരമുള്ള ഡാറ്റയിലാണ്. പ്രസ്തുത ഡാറ്റ പ്രകാരമുള്ള നിരക്ക് 110.93/Kg മാത്രമാണ്.

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ തുക തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 1-21 എയ്ഡഡ് സ്കൂളുകളിലെ ടോയ്ലെറ്റ് നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ രണ്ട് എയ്ഡഡ് സ്കൂളുകൾക്ക് ചുവടെ കാണിച്ച പദ്ധതികൾ പ്രകാരം ടോയ്ലറ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ രൂപീകരണം, നിർവ്വഹണം എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കുന്നത്. പഞ്ചായത്ത് ഇത്തരത്തിൽ പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ സർക്കാർ സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സർക്കാർ നിർദ്ദേശിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ടോയ്ലറ്റുകൾ, മറ്റ് സൗകര്യങ്ങൾ ഉണ്ടോ എന്നിവ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ പ്രവൃത്തി ഫയലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല. 2022-23 ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ജി.എൽ.പി സ്കൂൾ പുറങ്ങ്, ജി.എൽ.പി സ്കൂൾ കാഞ്ഞിരമുക്ക് എന്നിവിടങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഓരോ ടോയ്ലറ്റുകൾ വീതം ഇനിയും ആവശ്യമുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾക്ക് ടോയ്ലറ്റ് സൗകര്യം ഒരുക്കുന്നതിന് ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി രൂപീകരിച്ചിട്ടില്ല.

2. ടോയ്ലറ്റ് നിർമ്മിച്ച് നൽകിയ എയ്ഡഡ് സ്കൂളുകളിൽ ഓരോന്നിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ നിലവിൽ എത്ര ടോയ്ലറ്റുകൾ ലഭ്യമാണ്, ഇനി ആവശ്യമുള്ളത് എത്ര എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തിയതായി കാണുന്നില്ല.

3.എയ്ഡഡ് സ്കൂളിൽ ടോയ്ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ബിൽ നമ്പർ, തുക |
|---|---|
| കാഞ്ഞിരമുക്ക് PNUP സ്കൂളിൽ ടോയ്ലറ്റ് നിർമ്മാണം (180/22)<br>കരാറുകാരൻ ശ്രീ.ഇ.ശിവദാസൻ കരാർ 33/18.12.2021 | 21150452035801495700/27.3.2022<br>തുക 234414 |

| | |
|---|---|
| പരിച്ചകം AMLP സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം (163/22) കരാറുകാരൻ ശ്രീ. KP.കുഞ്ഞിമോൻ ഹാജി<br>കരാർ 49/4.1.2021<br>(സ്പിൽ ഓവർ പ്രൊജക്ട്) | 21150452035800571941/27.10.2021<br>തുക 23392<br>ചെക്ക് 5928245/27.10.21 36737 |

(ഓഡിറ്റ് എൻക്വയറി - 16/21-22/23.1.2023 ന് ചുവടെ കാണം പ്രകാരം മറുപടി ലഭ്യമാക്കി.

1. പുറങ്ങ് സ്കൂളിൽ ആവശ്യത്തിന് ടോയ്‌ലറ്റ് സൗകര്യം ഉണ്ട്. കൂടാതെ ടി സ്കൂളിൽ ഇനി ഒരു ടോയ്‌ലറ്റ് നിർമ്മിക്കാൻ സ്ഥല ലഭ്യത ഇല്ല.
2. കാഞ്ഞിരമുക്ക് സ്കൂൾ വാടക കെട്ടിടത്തിലായതിനാൽ പെർമനന്റ് ടോയ്‌ലറ്റ് നിർമ്മിച്ച് നൽകാൻ സാങ്കേതിക തടസ്സമുണ്ട്.
3.സ്കൂളുകൾ നിൽകുന്ന വാർഡുകളിലെ മെമ്പർമാർ ഭരണ സമിതി യോഗത്തിലും വർക്കിങ് ഗ്രൂപ്പ് യോഗത്തിലും ടോയ്‌ലറ്റ് നിർമ്മിക്കാൻ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പുറങ്ങ് ജി.എൽ.പി സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഓരോ ടോയ്‌ലറ്റുകൾ വീതം ഇനിയും ആവശ്യമുണ്ട്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടികൾക്ക് വിരുദ്ധമാണ്. അപാകത 2, 3 എന്നിവക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുമില്ല. സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ച് പ്രൊജക്ടുകൾ നിർവ്വഹിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം ഒ.പി ബ്ലോക്ക് നിർമ്മാണം എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷമായിരുന്നു. 1.3.2019 ന് കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറിയിട്ടുണ്ട്. 29.2.2020 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു എങ്കിലും പ്രവൃത്തി പൂർത്തീകരിച്ചത് 10.12.2021 ന് മാത്രമാണ്. പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലത്ത് കൂടി പോകുന്ന 3 ഇലക്ട്രിക് ലൈനുകൾ മാറ്റി സ്ഥാപിക്കാൻ വൈകിയതിനാലും പ്രളയകെടുതി കാരണവും പ്രവൃത്തി യഥാസമയം ആരംഭിക്കാൻ കഴിഞ്ഞില്ല എന്നും ആയതിനാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി 2020 ഡിസമ്പർ വരെ നീട്ടി നൽകണമെന്ന കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് 18.6.2020 ലെ 1(16) നമ്പർ തീരുമാനത്തിലൂടെ പൂർത്തീകരണ കാലാവധി 2020 ഡിസമ്പർ 31 വരെ ഭരണ സമിതി പിഴ കൂടാതെ നീട്ടി നൽകിയിട്ടുണ്ട്.

അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം കരാറുകാരൻ പ്രവൃത്തി 22.10.2019 ന് ആരംഭിച്ചിട്ടുണ്ട്. ആയത് പ്രകാരം 21.10.2020 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. കോവിഡ് നിയന്ത്രണങ്ങൾ കാരണമുള്ള പ്രയാസങ്ങൾ പരിഗണിച്ച് എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി 6 മാസം ദീർഘിപ്പിച്ച് നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത കാലയളവ് കൂടി പരിഗണിച്ചാൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 21.4.2021 നായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 10.12.2021 മാത്രമായതിരുന്നു.

സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|
| മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രാഥമികാരോഗ്യ കേന്ദ്രം ഒ.പി ബ്ലോക്ക് നിർമ്മാണം ( 153/22)<br>എസ്റ്റിമേറ്റ് തുക 4996943<br>ചെക്ക് 41302/24.3.2022 തുക 857006<br>ചെക്ക് 5928235 /17.8.2021 തുക 461174<br>തുക 1123812 (2020-21 ൽ നൽകിയത് )<br>ബിൽ 20150452035800327505<br>തുക 232455 (2020-21 ൽ നൽകിയത് )<br>തുക 299071 (2020-21 ൽ നൽകിയത്)<br>ബിൽ 20150452035801286695/18.3.2021<br>തുക 1583595 (2020-21 ൽ നൽകിയത് )<br>തുക 340967 (2020-21 ൽ നൽകിയത് ) | 22.4.2021-21.6.2021 (1%) 48983<br>22.6.21-21.9.21 (2%) 97965<br>22.9.21-10.12.21 (2%) 85187<br>ആകെ 232135 |

| | |
|---|---|
| ആകെ 4898080<br>അളവ് പുസ്തകം 35/18-19<br>കരാറുകാരൻ ശ്രീ. ഇ.ശിവദാസൻ<br>കരാർ. 67/1.3.2019 തുക 4898254<br>പൂർത്തീകരിക്കേണ്ട തീയ്യതി 31.12.2020<br>പൂർത്തീകരിച്ച തീയ്യതി 10.12.2021 | |

ഓഡിറ്റ് എൻക്വയറി - 14/21-22/23.1.2023 നൽകിയതിന് ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.
പ്രവൃത്തി നടന്ന് കൊണ്ടിരുന്ന വേളയിൽ കോവിഡ് ടെസ്റ്റുകൾ പരിചകം FHC യിൽ നടന്ന് കൊണ്ടിരിക്കുമ്പോളെല്ലാം കോവിഡ് രോഗികളായ ആളുകൾ വെയിറ്റിംഗ് ഏരിയ ആയി ഇരുന്നത് ഈ കെട്ടിടത്തിൽ ആയിരുന്നു. ആയതിനാൽ ഈ കാലയളവിൽ യാതൊരു പ്രവൃത്തികളും ഈ കാലയളവിൽ ചെയ്യാൻ സാധിച്ചിട്ടില്ല. ഈ വിവരങ്ങൾ എല്ലാം ഭരണ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണ്. കോൺട്രാക്റ്റുടെ ഭാഗത്ത് നിന്നല്ലാത്ത കാരണത്താൽ വൈകിയതിനാലാണ് ഫൈൻ ഈടാക്കാതിരുന്നത്.
മുകളിൽ പരാമർശിച്ച കാരണത്താലാണ് പ്രവത്തി വൈകിയതെന്നും ഇക്കാര്യം ഭരണ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി വൈകിയതിന് പിഴ ഈടാക്കുന്നതിൽ നിന്ന് ഒഴിവാക്കി നൽകണമെന്ന് ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിക്കുന്നതിന് തീരുമാനിച്ച് കൊണ്ടുള്ള 31.01.2023 ലെ 5(1) നമ്പർ ഭരണ സമിതി തീരുമാനവും മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നു.
കോവിഡ് രോഗികളായ ആളുകൾ വെയിറ്റിംഗ് ഏരിയ ആയി ഇരുന്നത് ഈ കെട്ടിടത്തിൽ ആയിരുന്നു എന്ന മറുപടി വസ്തുതാപരമല്ല. കോവിഡ് രോഗികളെ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലായിരുന്നു (FLTC) പ്രവേശിപ്പിച്ചിരുന്നത്.
അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി ചെയ്തത് താഴെ കാണും പ്രകാരമാണ്.
22.10.2019 മുതൽ 26.12.2019 വരെ, 13.1.2020 മുതൽ 1.2.2021 വരെ, 5.5.2020 മുതൽ 12.10.2020 വരെ 12.1.2021 മുതൽ 9.2.2021 വരെ, 17.6.2021 ഫ്ലോറിങ്, 10.12.2021 വൈറ്റ് വാഷിങ് . പ്രവൃത്തികൾ മിക്കവാറും തുടർച്ചയായി നടന്നിട്ടുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഏത് മാസങ്ങളിലാണ് കോവിഡ് രോഗികൾ കാരണം പ്രവൃത്തി തടസ്സപ്പെട്ടതെന്നും പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിത്തരണമെന്നും കരാറകാരൻ ഗ്രാമ പഞ്ചായത്തിനെ അറിയിക്കുകയോ അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. ഇത്തരത്തിൽ പ്രവൃത്തി ആരംഭിച്ച സമയത്ത് കാലാവധി നീട്ടി നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെടുകയും ഭരണ സമിതി കാലാവധി നീട്ടി നൽകിയതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥനും കരാറുകാരനും ഈ നിയമത്തെ കുറിച്ച് അറിവുള്ളതാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.
എന്നാൽ പിന്നീട് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റും പൂർത്തീകരിച്ച ശേഷം ഇത്തരത്തിൽ ഒരു ഭരണ സമിതി തീരുമാനം ഉണ്ടായത് ഉചിതമല്ല. പിഴ ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-23 അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ട് -കൃത്യമായ കണക്കുകൾ ഇല്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പൊന്നാനി ശാഖയിൽ ഉള്ള 67054278614 നമ്പർ അക്കൗണ്ടിൽ നിന്ന് 25.12.2022 തീയ്യതിയിൽ 627086.50 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. ഈ അക്കൗണ്ടുകളിലെ പണമിടപാടുകൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുമില്ല. പരിശോധനക്ക് ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം (25.6.2021 – 25.12.2022 ) വിവിധ ചെക്കുകൾ പ്രകാരം 136038 രൂപ അക്കൗണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. ഇത് ആദായ നികുതി, ജി.എസ്.ടി എന്നിവ അടവാക്കാനാണ് എന്ന് ചെക്ക് കൗണ്ടർഫോയിലിൽ രേഖപ്പെടുത്തിയിട്ടുണ്ടങ്കിലും ഏത് പ്രവൃത്തികളുമായി ബന്ധപ്പെട്ട തുകകളാണ് ഇവ എന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ഈ കാലയളവിൽ 341424 രൂപ അക്കൗണ്ടിൽ വരവ് വന്നിട്ടുമുണ്ട്. ഇവയൊന്നും കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.
അക്കൗണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തി ഏതിനത്തിലുള്ള തുകയാണെന്ന് കണ്ടെത്തി ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടവാക്കുകയോ അല്ലാത്തപക്ഷം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറുകയോ ചെയ്യേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി - /21-22/23.1.2023 നൽകിയതിന് – പഴയ കാലത്ത് റിടെൻഷൻ ആയി പിടിച്ചിട്ടുള്ള തുകകൾ ആണിത്. 2017-2022 വരെ വരെ റിടെൻഷൻ ആവശ്യപ്പെട്ട് ആരും ഈ ഓഫീസിനെ സമീപിച്ചിട്ടില്ല. ഉചിതമായ തീരുമാനമെടുത്ത് ടി തുക തനത് ഫണ്ടിലേക്ക് മാറ്റാവുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 പേ റിവിഷൻ അരിയർ- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

വൗച്ചർ നം. 22100443/ 13-08-2021 : 66,010 പ്രകാരം ശ്രീ. പി.പി. വിജയൻ, അസി.സെക്രട്ടറി (റിട്ട.) ന് 2019 ജൂലൈ മുതൽ 2020 മേയ് വരെയുള്ള പേ റിവിഷൻ അരിയർ നൽകിയിട്ടുണ്ട്. ആയതിൽ 01-11-2019 മുതൽ28-11-2019 വരെയുള്ള 28 ദിവസങ്ങളിലേക്ക് താഴെ കാണും പ്രകാരം അധികം തുക നൽകിയിട്ടുണ്ട് .

| അർഹമായ തുക (62,200X28)/30 | | | നൽകിയ തുക | | | ബാലൻസ് തുക നൽകാവുന്നത് | ബാലൻസ് തുക നൽകിയത് | അധികം |
|---|---|---|---|---|---|---|---|---|
| Pay | D.A | Total | Pay | D.A | Total | Total | Total | Total |
| 58,053 | - | 58,053 | 43,773 | 12,256 | 56,029 | 2024 | 4824 | 2800 |

ഇപ്രകാരം നൽകിയതിന്റെ അർഹത സംബന്ധിച്ച് വിശദീകരണങ്ങളൊന്നും ഫയലിൽ ഇല്ല.ഓഡിറ്റ് എൻക്വയറി 20/23.1.23 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 സർക്കാർ ഉത്തരവുകൾ പാലിക്കാതെ പ്രവൃത്തികൾ നടപ്പിലാക്കുന്നു

പ്രൊജക്ട് : ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ- അനുബന്ധ ചെലവുകൾ
നം : S0176/2022
അടങ്കൽ - 1,00,000 (F.C.award )
വൗച്ചർ നം.22101589/29-03-2022 : 1,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഇനങ്ങളുടെ തുകയായി 1,00,000 രൂപ SIDCO, മഞ്ചേരിക്ക് നൽകിയിട്ടുണ്ട് (Invoice No. MJRI/21-22/335/14-03-2022) .

1. Record Room Rack (200x100x100cm, 18mm Prelaminated Board)
2. Painting Work
3. Record Room Pvc Ceiling Work 562x44cm

ടെണ്ടർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങാവുന്ന ഇനങ്ങളുടെ വിവരം ജി.ഒ.(സാധാ) നം.26/2015/SPD/28-05-2015 -ാം നമ്പർ ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ വാങ്ങിക്കുന്നതിന് സ്റ്റോർ പർച്ചേസ് റൂൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ജി.ഒ.(സാധാ) നം.33/2021 /SPD/22-11-2021 -ാം നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്.
മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കാതെ 21-02-2022 ലെ 1(2)-ാം നമ്പർ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എ-2/6234/21/24-02-2022-ാം നമ്പർ പ്രകാരം വർക്ക് ഓർഡർ നൽകി പ്രവൃത്തികൾ ചെയ്യുകയും, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ മൂല്യനിർണ്ണയം നടത്താതെ തുക നൽകുകയും ചെയ്തു. ഈ നടപടിയിൽ ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 09/21.1.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടപടികളിൽ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതും നിർദ്ദേശങ്ങളുടെ ലംഘനത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-27 എസ്.എസ്.എ. വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. ക്ക് വിഹിതം നൽകൽ
നം : S002/2022
അടങ്കൽ - 5,00,000 (വികസന ഫണ്ട് )
BRN: 2115042001000264772/03-08-2021 : 5,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 5,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 11/2018 തി. 29-01-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന് വിശദീകരിക്കാൻ സാധിച്ചിട്ടില്ലാത്ത, വ്യക്തതയില്ലാത്ത ഏതാനും ചെലവുകളുടെ വിവരങ്ങളടങ്ങിയ ഒരു വിനിയോഗ സാക്ഷ്യപത്രമാണ് 11/22-01-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കിയത്. 5,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 കുടിവെള്ള ടാപ്പുകൾ-ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയില്ല

ഗ്രാമ പഞ്ചായത്തിൽ ജല അതോറിറ്റി പരിപാലിച്ച് വരുന്ന കുടിവെള്ള പദ്ധതിക്ക് 2021-22 വർഷത്തിൽ ഓരോ മാസവും ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 89,586 രൂപ അടവാക്കി വരുന്നുണ്ട്. ഇതു സംമ്പന്ധിച്ച് സ.ഉ(സാ)1275/2009/ ത.സ്വ.ഭ.വ. തിയ്യതി- 30-05-2009 ഉത്തരവ്വ പ്രകാരം തദ്ദേശ സ്ഥാപനം ജലഅതോറിറ്റി നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ , പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ കണക്കുകൾ ശേഖരിച്ച് അതിനനുസൃതമായാണോ പണം നൽകുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-29 രേഖകൾ ഹാജരാക്കിയില്ല- 6,62,722 രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22100277/25-06-2021<br>22101521/25-03-2022 | വിവിധ ഫോറങ്ങൾ വാങ്ങിയതിൻെറ വില ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയത് | 48,418<br>94,398 | രശീതി |
| 4 | 22100613/12-10-2021 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് ഗ്രാമപഞ്ചായത്ത് വിഹിതം | 30,000 | രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 6 | 22100769/16-11-2021 | കരിയങ്കുളം റോഡ് ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിന് നൽകിയ തുക | 12,877 | KSEB ഇലക്ട്രിക് സെക്ഷൻ, പുറങ്ങിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 7 | 22101199/03-02-2022 | വാർഡ്-4 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിന് നൽകിയ തുക | 14,661 | KSEB ഇലക്ട്രിക് സെക്ഷൻ, പുറങ്ങിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 8 | 22101200/03-02-2022 | വാർഡ്-2 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിന് നൽകിയ തുക | 7,368 | KSEB ഇലക്ട്രിക് സെക്ഷൻ, പുറങ്ങിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 9 | 21150452001001070565/07-02-2022 | പ്രൊജക്ട് നം. S0205/2022 | 2,65,000 | രശീതി, വിനിയോഗ |

| | | | | |
|---|---|---|---|---|
| | | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെൻറർ കെട്ടിട നിർമ്മാണം- തുക കൈമാറൽ | | സാക്ഷ്യപത്രം |
| 10 | 22100171/25-05-2021 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് സാനിറ്റേഷൻ കമ്മിറ്റി ചെയർമാൻ &കൺവീനർക്ക് കൈമാറിയത് | 1,90,000 | ചെലവ് രേഖകൾ, കമ്മിറ്റിയുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെൻറ് |
| | | ആകെ | 6,62,722 | |

10/22-01-2023-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ ചെലവ് തുക 6,62,722 രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കിണറിന് മുകളിൽ ഗ്രിൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതു കിണർ പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഭാഗമായി വിവിധ കിണറുകളുടെ മുകളിൽ ഗ്രിൽ സ്ഥാപിച്ചതിന് DSR കോഡ് 9.48.2 പ്രകാരമുള്ള 217.35/Kg നിരക്ക് ആണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ കെട്ടിടങ്ങളിൽ ജനലിന് (Opening/Wooden Frames) റോൾ പ്ലഗ് ഉപയോഗിച്ച് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR കോഡ് 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|---|
| 1 | പൊതു കിണർ പുനരുദ്ധാരണം (108/22)<br>വൗച്ചർ XVFC/2021-22P/30 Dt. 21.3.2022<br>തുക 211596<br>കരാർ 35/18.12.2021<br>സാങ്കേതികാനുമതി 58147/15.11.21<br>അളവ് പുസ്തകം 128/21-22<br>കോൺട്രാക്ടർ ശ്രീ.അബ്ദുൽ ഹക്കീം<br>കോസ്റ്റ് ഇൻഡക്സ് 36.44% | 688/Kg | 149537 @217.35/Kg | 106729 @155.13/Kg | 47945 (42808+5137) |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി - 6/21-22/20.1.2023 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. 10.25.2 പ്രകാരം ഗ്രേറ്റിങ്, ലാഡർ എന്നിവക്കുള്ള പ്രൊവിഷൻ ആണ് നൽകിയിട്ടുള്ളത്.

2.പ്രസ്തുത ഡാറ്റയിൽ MS Flat, 12mm കമ്പി എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികളാണ് ഉൾപെടുത്തിയിട്ടുള്ളത്.

3. ഇവിടെ ആങ്കിൾ ഉപയോഗിച്ച് ഫ്രയിം ഉണ്ടാക്കി അവക്കുള്ളിൽ 5cmഅകലത്തിൽ കമ്പികൾ വെൽഡ് ചെയ്താണ് ഗ്രിൽ ഉണ്ടാക്കിയിട്ടുള്ളത്. ഒരു ജനൽ ഫ്രയിമിന് ആവശ്യമുള്ള ഗ്രിൽ ഉണ്ടാക്കുന്നതിനേക്കാൾ ലേബറും മെറ്റീരിയലും ഇതിന് കൂടുതൽ ആവശ്യമായതിനാലാണ് 9.48.2 പ്രകാരമുള്ള നിരക്ക് നൽകിയത്.

എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ചുവടെ കാണിച്ച കാരണങ്ങളാൽ സ്വീകാര്യമല്ല.

1. 10.25.2 പ്രകാരമുള്ള ഡാറ്റ ഗ്രേറ്റിങ്, ലാഡർ എന്നിവക്ക് പുറമെ റെയിലിങ്സ്, ഗെയ്റ്റ്സ് സമാന പ്രവൃത്തികൾ എന്നിവക്കുള്ള കൂടിയുള്ളതാണ്. ഇത് പ്രസ്തുത ഡാറ്റയുടെ ആമുഖത്തിൽ പരാമർശിച്ചിട്ടുമുണ്ട്. ഗെയ്റ്റിന് സമാനമായ പ്രവൃത്തിയാണ് കിണറിന് മുകളിൽ സ്ഥാപിക്കുന്ന ഗ്രിൽ നിർമ്മാണം എന്ന് വ്യക്തമാണ്.

2. DSR അധ്യായം 9 (Sub Head 9) ന്റെ പേര് Wood & PVC Work എന്നാണ്. DSR അധ്യായം 10 ആണ് (Sub Head 10) സ്റ്റീൽ വർക്കിനെ സംബന്ധിച്ചുള്ളത്.

3. 9.48.2 പ്രകാരമുള്ള ഡാറ്റ കെട്ടിടങ്ങളിൽ ജനലിന് (Opening/Wooden Frames) റോൾ പ്ലഗ് ഉപയോഗിച്ച് ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ് എന്ന് വ്യക്തമായിതന്നെ പരാമർശിച്ചിട്ടുണ്ട്. 9.48.2 പ്രകാരമുള്ള ഡാറ്റയിലും MS Flat, 12mm കമ്പി എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികളെ കുറിച്ച് തന്നെയാണ് പരാമർശിച്ചിട്ടുള്ളത്. ആംഗിൾസ് ഉപയോഗിച്ചുള്ള പ്രവൃത്തികളെ കുറിച്ച് പറയുന്നത് 10.25.1 പ്രകാരമുള്ള ഡാറ്റയിലാണ്. പ്രസ്തുത ഡാറ്റ പ്രകാരമുള്ള നിരക്ക് 110.93/Kg മാത്രമാണ്..

ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ തുക തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 16.01.2023 മുതൽ 23.01.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 200,000 | പ്രൊജക്ട് 32<br>നെൽകൃഷിക്ക് ചെലവ് | 200,000 | 0 |
| | 300,000 | പ്രൊജക്ട് 24<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300,000 | 0 |
| | 900,000 | പ്രൊജക്ട് 152<br>ലൈഫ് ഭവന പദ്ധതി | 900,000 | 0 |
| | 1993,310 | പ്രൊജക്ട് 11&10<br>ലൈഫ് ഭവന പദ്ധതി | 1993,310 | 0 |
| ജില്ലാ പഞ്ചായത്ത് | 750000 | പ്രൊജക്ട് 24<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1993,310 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| KSEB 118/22 | തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | | 576557 | 576557 | പൂർത്തീകരിച്ചു | 0 |
| 124/22<br>203/22 | അരിമ്പൻകുണ്ട് കോൾപടവ് എക്സ്റ്റൻഷൻ | 22101150/10.03.22<br>22101365/19.03.22 | 354443<br>187656 | 354443<br>187656 | പൂർത്തീകരിച്ചു<br>പൂർത്തീകരിച്ചു | 0<br>0 |
| 109 | പോസ്റ്റ് മാറ്റിവെക്കൽ | 22101473/16.03.22 | 209025 | 209025 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്-KUDFC | G.O.MS. 68/2018/LSGD Dt.18.5.2018 | 1000000 | 22253026 | 2537333 | 0 | 20715693 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18618/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3(4) | 16013 | ശ്രീ ഉണ്ണികൃഷ്ണൻ | 12111010821l/25.2.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2, 2-3, 2-4 | 2016-17 | 2-1 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തുടർനടപടി സ്വീകരിച്ചു വരുന്നു |
| 2015-16 | 2-5 | 2016-17 | 2-2 | വരുമാന സ്രോതസ്സുകൾ കണ്ടെത്തൽ- | തുടർനടപടി സ്വീകരിച്ചു വരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 11 | സി.കെ.ജനാർദ്ദനൻ നായർ | LF 2437/ Spl.cell/ SC5/06 19.5.06 | 25000 | | | | | | 25000 | അടവാക്കിയില്ല |
| 2 | 1998-99 | 38,39 | പി.ബി.ജോഷ് കുമാർ | LF 23194/ Spl.cell/ SC5/04 28.7.06/ 13.12.06 | 7500 | | | | | | 7500 | അടവാക്കിയില്ല |
| 3 | 1997-98 | 47 | C.K.Janardhanan Nair Agri Officer | LF 23196/ Spl.cell/ SC5/04 17.05.06 | 4500 | | | | | | 4500 | അടവാക്കിയില്ല |
| 4 | 1997-98 | 32 35 36 | P.P Krishnan Secreary | LF 23196/ Spl.cell/ SC5/04 27.10.05 | 22296 | | | | | | 22296 | അടവാക്കിയില്ല |
| 5 | 1997-98 | 50 | പി.ബി.ജോഷ് കുമാർ Vet.surgeon | LF 23196/ Spl.cell/ SC5/04 17.05.06 | 9000 | | | | | | 9000 | അടവാക്കിയില്ല |

## 4-10 ഓഡിറ്റ് പ്രത്യാവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 92914768 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 91330385 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47945 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 662722 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 47945 | Rs. 23973 ശ്രീ.ഷിദി.എൻ.പി, അസിസ്റ്റന്റ് എഞ്ചിനീയർ Rs. 23973ശ്രീ. അജയകുമാർ.പി , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 47945 | |

(സി). ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 662722 | ശ്രീമതി.സിന്ധു.ടി.പി, സെക്രട്ടറി- 238418 ശ്രീ. ജി.വി.വിനോദ് കുമാർ, സെക്രട്ടറി- 424304 |

(ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷിദി.എൻ.പി,അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ , ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത്. | നാലുപുരക്കൽ ഹൗസ്, കണ്ടാണിശ്ശേരി, തൃശ്ശൂർ ജില്ല. |
| ശ്രീ. അജയകുമാർ.പി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർ , പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്. | ലഭ്യമല്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | കെ.എസ്.എ.എം.പി.എം 28/588/2018 തി: 5-05-2018 | 1 | |
| 1987-88<br>1988-89 | കെ.എസ്.എ.എം.പി.എം 28/588/2018 തി: 5-05-2018 | 1 | |
| 1992-93<br>1993-94 | എൽ. എഫ്. എം.8/281/95 തിയ്യതി 01-06-95 | 8 | |
| 1994-95<br>1995-96 | എൽ. എഫ്. എം.14/957/98 തിയ്യതി 04-11-98 | 3 | |
| 1996-97 | എൽ. എഫ്. എം.14/1472/01 തിയ്യതി 26-11-02 | 10 | |
| 1997-98 | എൽ. എഫ്. എം.14/1470/01 തിയ്യതി 28-11-02 | 25 | |
| 1998-99 | എൽ. എഫ്. എം.14/405/02 തിയ്യതി 10-01-03 | 9 | |
| 1999-00 | എൽ. എഫ്. എം.14/682/03 തിയ്യതി 18-11-03 | 8 | |
| 2000-01 | എൽ. എഫ്. എം.14/683/03 തിയ്യതി 30-09-03 | 4 | |
| 2001-02 | എൽ. എഫ്. എം.9/1182/03 തിയ്യതി 23-03-04 | 8 | |
| 2002-03 | എൽ. എഫ്. എം.9/1568/05 തിയ്യതി 07-02-06 | 22 | |
| 2003-04 | എൽ. എഫ്. എം.15/270/09 തിയ്യതി 09-06-09 | 17 | |
| 2004-05 | എൽ. എഫ്. എം.15/271/09 തിയ്യതി09-06-09 | 10 | |
| 2005-06 | എൽ. എഫ്. എം.15/576/10 തിയ്യതി19-08-10 | 5 | |
| 2006-07 | എൽ. എഫ്. എം.15/577/10 തിയ്യതി 25-01-11 | 8 | |
| 2007-08 | എൽ. എഫ്. എം.14/94/12 തിയ്യതി 21-02-12 | 19 | |
| 2008-09 | എൽ. എഫ്. എം.14/95/12 തിയ്യതി 13-02-2012 | 24 | |
| 2009-10 | എൽ. എഫ്. എം.14/2625/11 തിയ്യതി 08-02-2012 | 38 | |
| 2010-11 | കെ.എസ്.എ.എം.പി.എം.24/1701/22(1) തിയ്യതി 01-10-2022 | 7 | |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം 24/1701/2022(2) തിയ്യതി 01.10.2022 | 15 | |
| 2013-14 | കെ.എസ്.എ.എം.പി.എം 28/2101/2016 | 24 | |

| | | | |
|---|---|---|---|
| 2014-15 | തിയ്യതി 20.05.2017 | | |
| 2015-16 | കെ.എസ്.എ.എം.പി.എം14/1701/2022(8) തിയ്യതി 01.10.22 | 10 | |
| 2016-17 | കെ.എസ്.എ.എം.പി.എം 28/1622/2017 തി: 05-07-18 | 19 | |
| 2017-18 | നം കെഎസ്.എ.എം.പി.എം.28/2478/18 തിയ്യതി: 20-09-19 | 22 | |
| 2018-19 | നം കെഎസ്.എ.എം.പി.എം.24/1701/22(4) തിയ്യതി: 01.10.22 | 9 | |
| 2019-20 | കെഎസ്.എ.എം.പി.എം.24//22തിയ്യതി: 30.5.2022 | 31 | |
| 2020-21 | കെഎസ്.എ.എം.പി.എം.24/659/22തിയ്യതി: 30.5.22 | 38 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്